KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION





# ആശംസ.....

E-mail: ghspazhanji@gmail.com Phone : 04885 274172

**G.V.H.S.S. PAZHANJI**

**PAZHANJI P.O, PIN – 680 542**

CHAVAKKAD Ednl. DISTRICT KUNNAMKULAM SUB DISTRICT

ആധുനിക സാങ്കേതിക വിദ്യയുടെ അനന്ത വിഹായസ്സിലേക്ക് പുതുതലമുറയെ കൈപിടിച്ചുയർത്താനും വിജ്ഞാനത്തിന്റെ മഹാസാഗരത്തിലേക്ക് ഇറങ്ങിച്ചെന്ന് മുത്തുകൾ വാരിയെടുക്കാനും പ്രാപ്തരാക്കുന്നതിനുള്ള സംരംഭമാണ് ലിറ്റിൽ കൈറ്റ്സ്. പഴഞ്ഞി ഗവൺമെന്റ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അധ്യാപകരുടെ സഹായത്തോടെ തയ്യാറാക്കിയ 'നവതരംഗം' എന്ന ഡിജിറ്റൽ മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

ഇതിന് നേതൃത്വം നൽകിയ കൈറ്റ് മാസ്റ്റേഴ്സ് ഷീബ ടീച്ചർ, സുനിത കുമാരി ടീച്ചർ, SITC ആയ മെഹർ ടീച്ചർ എന്നിവർക്കുള്ള അഭിനന്ദനങ്ങളും അറിയിക്കുന്നു.

ഹൃദയം നിറഞ്ഞ ആശംസകളോടെ,

GOVT HIGH SCHOOL
School Code 724024
UDISE Code: 32070505001
PAZHANJI, Thrissur - 680 542

MAGI C.J.
HEADMISTRESS
G.V.H.S.S. PAZHANJI
Thrissur, School Code: 24024

# എൻെറ വിദ്യാലയം



# താളുകൾ മറിക്കുമ്പോൾ


അപരിചിതൻ

മഴയുടെ സംഗീതം

പ്രണയം

അടുപ്പ്

നേരിൽ കണ്ടതോ?

ഊർജ്ജ പ്രകാശം

കാലാന്തരങ്ങളിൽ

കാക്കയും കിളിയും

നൊമ്പരപ്പൂവ്

പ്രകൃതി

എന്റെ വായന

ബുദ്ധിയുടെ വില

മായുന്ന മൗനം

പൂക്കളും പൂമ്പാറ്റയും

വരയുടെ വിസ്മയം

## ആമുഖം

വാക്കിൻെറ അർത്ഥത്തിലേക്കും ആഴത്തിലേക്കുമുള്ള സഞ്ചാരമാണ്വായന. ഓരോപുസ്തകത്തിൻേറയും താളുകൾ മറിയുന്നത് ജീവിതത്തിൽ സംഗീതവും വസന്തവുംനിറയ്ക്കാനാണ്.വിരൽത്തുമ്പിൽ ചലിക്കുന്നലോകത്തെ ഒരുവേള നിശ്ചലമാക്കാൻവാക്കിനു കഴിയും.നിനവിൻെറനിലയില്ലാ കായലിൽ മുങ്ങിത്തപ്പിയെടുത്തഇത്തിരി മുത്തുകൾ നൂതന സാങ്കേതികവിദ്യയുടെസഹായത്തോടെ കോർത്തെടുക്കുകയാണ്  ഇവിടെ.സന്തോഷത്തോടെ സ്വീകരിച്ചാലും.............!

## നാവിൻ തുമ്പിലെ പൊന്നക്ഷരം

നാവിൻ തുമ്പിലെ പൊന്നരിവാളാൽ
അക്ഷരമെന്നൊരു നെൽമണി കൊയ്യാം
അങ്ങനെയങ്ങനെ കൊയ്തുമെതിച്ച്
അറിവില്ലായ്മതൻ പട്ടിണി മാറ്റാം
അങ്ങനെയങ്ങനെ കൊയ്തുമെതിച്ച്
അറിവില്ലായ്മതൻ പട്ടിണിമാറ്റാം
പതിയെ പതിയെ വിദ്യാർത്ഥികൾ നാം
സാക്ഷരനാമൊരു നാടിനെ പോറ്റാം
ഒരുപാടങ്ങനെ കൊയ്തു മെതിച്ച്
വിജ്ഞാനത്തിൻ പത്തായം നിറക്കാം...
പുസ്തകമാമൊരു അക്ഷരപാടം
വായനയാലെ കൊയ്തുമെതിക്കാം
ഒരുപാടങ്ങനെ സമ്പാദിച്ച്
നല്ലൊരു നാളെയെ സൃഷ്ടിച്ചേക്കാം

ലിയ കെ. ജോബ്

# അപരിചിതൻ

ജനിച്ചതൊന്നെങ്കിലും വളർന്നുരണ്ടായ
ഞാൻ നിനക്കെന്നുമറിയാത്തൊരപരിചിതനാ
മറയുന്ന നേരവും മാപ്പെന്നവാക്കുമായ്
വിരഹത്തിൻ വേരുകൾ പിഴുതു വീഴുമ്പോഴും
ഞാനുമീ കാലത്തിലേകാന്തനായി
എന്റെ മാറിൽ നീ തുളച്ചു കയറീട്ടുമ്പോഴും
ഞാൻ നിനക്കെന്നുമപരിചിതനാ...

അക്ഷയ് രാജ്

## മഴയുടെ സംഗീതം

മഴപാടുന്നു, ആരും കാണാത്തൊരേതോ,

മണിവീണതൻ തന്ത്രികൾ മീട്ടി.

മഴപെയ്യുന്ന കൊയ്ത്തുപാട്ടിന്റെ ഈണമായ്

ഏതോ കാട്ടുപെണ്ണിന്റെ ചിരിപോലെ

ഹേ വർഷഗീതമേ നീയെനിക്കേകിയൊരു

സ്വർഗ്ഗകവാടങ്ങൾ കടന്നു നീ എത്തിയ വേളയിൽ

നിന്നെയും കാത്തുകാത്തുരുകുമൊരു

പൂവിന്റെ മേനിയിൽ നീ പോയ് പതിക്കവേ

ഉള്ളിലെ കനലേറ്റു വിങ്ങുന്ന മണ്ണിന്റെ നോവുകൾ

കാക്കപൂക്കളായ് വിരിഞ്ഞൊരാരാമത്തിൽ

ആരുമേ കാണാതെ അവൾ നിനക്കേകിയൊരു

പാട്ടിന്റെ ശീലുകൾ

മഴചിരിക്കുന്നു ആദ്യമായ് നീ പെയ്ത സന്ധ്യയിൽ

പാടവരമ്പത്തിരുന്നു ചിരിച്ചൊരു

വൃദ്ധന്റെ ചിരിയോർത്തു നീയും ചിരിക്കുന്നു

പിന്നെയും പാടുന്നു പിന്നെയും കരയുന്നു

മഴചിരിക്കുന്നു ആദ്യമായ് നീ പെയ്ത സന്ധ്യയിൽ

അഭിരാമി കെ. കെ.

# പ്രണയം

അകലങ്ങളിൽ നീ കൂട്ടിലായെങ്കിലും

ഒരിക്കലും നിന്നിൽ നിന്നകലാതെ ചിത്തം

എന്നും നിന്നെയോർത്തിരിപ്പൂ

എൻഹൃദയത്തിൽ വിങ്ങലുകളിന്നും

കടലായിരമ്പുന്നെൻ കരൾത്തടത്തിൽ

മധുരമൂറും നിൻ മൊഴിയും പുഞ്ചിരിവിടർന്ന നിൻ മുഖവും

ഒരു പകൽകിനാവു പോലിന്നു മിന്നിമറയുന്നെൻ...

മനസിലിന്നും...

കാണാമെനിക്കിന്നീ വിദൂരതയിലും

നിന്നെ, യെൻ മാനസം നീയറിയുമെ

വിങ്ങുന്ന എൻ ഹൃദയം നിൻ സാമീപ്യത്തിനായ്

കൊതിക്കുന്നു ഞാൻ ഇന്നും നിൻ സ്നേഹത്തിനായ്

ഒരു തീരാനൊമ്പരമായ് എൻ മനസിലിന്നും

മിന്നി മറയുന്ന നിൻ മുഖം

അറിയുമോ നീ എൻ മനസിലെ നൊമ്പരം

അറിയുമോ നീ എൻ ഹൃദയത്തിൽ തുടിപ്പുകൾ

എങ്കിലും ഇന്നും ഞാൻ കാത്തുനിൽക്കുന്നിതാ പ്രാർത്ഥനയുമായി

എൻ സ്വപ്നസാഫല്യ നിമിഷത്തിനായ്...

അനഘ എം. എ.

# അടുപ്പ്

ആ വീടിനോടു ചേർന്ന ഇരുട്ടുമുറിയിൽ തനിച്ചായിരുന്ന ആ അടുപ്പ്. ഒരു പാട് സ്വപ്നങ്ങളും പ്രതീക്ഷകളുടെ തിരിനാളവും വേദനയും കണ്ണീരും ഒരു പിടിനോവുകളും അങ്ങനെ പല വികാരങ്ങളും നീറിപുകയുന്നുണ്ടായിരുന്നു ആ അടുപ്പിൽ. കരിപിടിച്ച് ഒരു വശം മണ്ണോടു ചേർന്ന് പുകയാതെ കത്താതെ വികാരങ്ങൾ ഉള്ളിലൊതുക്കി കഴിയുകയായിരുന്നു ആ അടുപ്പ്.

പണ്ടൊക്കെ അമ്മയും അമ്മാമ്മയും കൂടിയായിരുന്നു അടുക്കളയുടെ ചുമതലക്കാർ വെക്കലും വിളമ്പലും എല്ലാം അവർ തന്നെയാണ് എന്നാൽ കല്ല്യാണി ആ ഭാഗത്തേക്ക് തിരിഞ്ഞുനോക്കില്ല സങ്കടവും ദുഃഖവും സന്തോഷവും എല്ലാം പങ്കുവച്ചിരുന്നത് ആ അടുപ്പിനടുത്തായിരുന്നു. ചൂടുദോശ വാരിയെടുത്തുതിന്നതും സാമ്പാർ നിലത്ത് കമിഴ്ത്തിയതും എല്ലാം ആ അടുപ്പിൻവക്കത്തായിരുന്നു. അടുപ്പിന് 15 കൊല്ലം പഴക്കമുണ്ട്. പൂർവ്വികന്മാരുടെ കാലത്തെ ആ പഴകിയ വീട്ടിൽ ആ അടുപ്പിന് എന്നും സ്ഥാനം ഒരിടത്തായിരുന്നു. എല്ലാവരുടേയും വിശ്വസ്തനും എന്തും തുറന്നു പറയാൻ പറ്റുന്ന ആ വീട്ടിലെ മുതിർന്ന ഒരംഗമായിരുന്നു ആ അടുപ്പ്. കല്ല്യാണങ്ങൾക്ക് മരണങ്ങൾക്ക് സദ്യസൽക്കാരത്തിന് തുടങ്ങി ആ വീട്ടിലെ വിശേഷങ്ങൾക്കെല്ലാം ആ അടുപ്പ് നീറിപുകയുന്നുണ്ടായിരുന്നു, നിർത്താതെ കത്തുന്നുണ്ടായിരുന്നു. അവരുടെ എല്ലാ ആഘോഷത്തിലും അടുപ്പ് പുകഞ്ഞ് പുകഞ്ഞ് സന്തോഷം പ്രകടിപ്പിക്കുമായിരുന്നു. അവസാനം അച്ഛന്റെ മരണാനന്തര കർമ്മങ്ങൾക്ക് ശേഷം ഭക്ഷണം പാകം ചെയ്ത് ദാനം ചെയ്തതും ആ അടുപ്പിലായിരുന്നു. ഒരുപാട് "പ്രാക്കുകളും കണ്ണേറുകളും" പൊട്ടിതീർന്നതും ആ അടുപ്പിലായിരുന്നു. അച്ഛന്റെ മരണശേഷം ആ വീടിനെയും അടുപ്പിനെയും ഉപേക്ഷിച്ച് എല്ലാവരും അവരവരുടെ വഴികളിലേക്ക് പിരിഞ്ഞു. പൂട്ടിയിട്ടു പിന്നീടാവീട്.

മാറാലപിടിച്ച് പക്ഷികളും ഇഴജന്തുക്കളും താവളമാക്കിയ ആ വീട്ടിൽ ആരോടും പരിഭവമില്ലാതെ പുകഞ്ഞുനീറാതെ വിശ്രമിക്കുകയാണാഅടുപ്പ്. കൂ....ഛ്ക്....ഛ്ക്.... ട്രെയിനിൻറെ ചൂളം വിളിയിൽ നിന്നും കല്ല്യാണിഞെട്ടിയുണർന്നു. അവളുടെ ചിന്തകൾ അവളെ ഏകാന്തതയിലേക്ക് നയിച്ചിരുന്നു. ട്രെയിനിൽ നിന്നിറങ്ങിനടന്നു വരുമ്പോഴെല്ലാം അവളുടെ മനസ്സിൽ ഇരുട്ട് തളം കെട്ടിനിന്ന ആ അടുപ്പിന്റെ നിഴലിച്ച കരിപിടിച്ച രൂപമായിരുന്നു.

രഹന പി. എ.

************************************************

## നേരിൽ കണ്ടതോ?

പ്രകൃതിനെട്ടുവീർപ്പിട്ടപ്പോൾ

എനിക്കത് സപ്തസ്വര രാഗമായ്

പ്രകൃതിതൻ ചുണ്ടിലെ തേൻമൊഴി

കേട്ടപ്പോൾ അതു കാറ്റായെത്തിതലോടിപ്പോയ്...

അവയുടെ സൗന്ദര്യത്തിൽ തീവ്രതയിൽ

ഞാൻ മയങ്ങിപ്പോയ്

ഒരു നാൾ ഞാനവയെ

സ്വപ്നം കണ്ടു

അതുതൻ നല്ലൊരു

പ്രകൃതി സൗന്ദര്യം

പിന്നെ അതു ഞാൻ നേരിൽ കണ്ടു

അതോ തരിശായൊരു ഭൂമി തന്നിൽ....!

അൻസില വി. എച്ച്.

## ഊർജ പ്രകാശം

അന്ധകാരത്തിൽ മറനീക്കി-

യെത്തുന്ന വെളിച്ചത്തിൽ

വെളിച്ചമാം സൂര്യപ്രകാശം

നാളെയുടെ പുതു ഉണർവിനായ്

പുതുപുത്തൻ ഭാവിക്കായ്

ഊർജത്തിനൂർജം നൽകപ്പെടുന്നു

പുതുനാമ്പിൽ ഇലകൾ തളിരിടും

വെൺമതൻ പൂണ്യമാം സൂര്യപ്രകാശം

ഹരിതങ്ങൾ വാർത്തെടുക്കും

പ്രകാശത്തിലൊരു ചീഞ്ഞുമുക്തിയാം ഹരിതസസ്യം

കനലെരിയും ജ്വാലക്കായിനി

അഗ്നിതൻ സാക്ഷിണി ഊർജപ്രകാശം

ഊർജത്തിനൂർജം സൗരോർജം

സൗരോർജത്തിലെ പ്രകാശോർജം

ഇരുട്ടിൽ മറുപുറമാ

പ്രകാശമെന്നാണ പ്രപഞ്ചസത്യം...!

അൻസില വി. എച്ച്.

# കാലാന്തരങ്ങളിൽ

കാടിന്റെ ദിക്കാനന്തരങ്ങളിൽ ഇളക്കിമറിച്ച്
കാടിൽ അധോതലം കുരിരുട്ടാക്കി
ഗുരുഘാതി എന്നപ്പോലെ വൃക്ഷത്തെ-
ഖണ്ഡിക്കുന്നു ഹേ, മനുഷ്യാ...
മിന്നൽ പായുന്ന പ്രഭയിൽ
യന്ത്രത്തിന്റെ കൈത്താങ്ങുംപേരി
നീ... വന്നു, വൃക്ഷമാതാവിനെതൊട്ടു
നെടുവീർപ്പോടെ അവസാനചുവടായി
ആ വൃക്ഷം മണ്ണിനെ ബലമായൊന്നിറുക്കി
ഒറ്റ നിശ്വാസത്തിൽ ആ ഭീമൻ വൃക്ഷതൈ
അതാ നിലം പൊത്തി വീഴുന്നു.
ചില്ലകളോരോന്നും ഇലകളൊന്നന്നായിയും
മണ്ണിലേക്കുപായുന്നു. മണ്ണിൽ നിന്നു
ഉടലെടുത്തവൻ മണ്ണിനോടുതന്നെയിതാ-
ചായുന്നു. മണ്ണിലേക്കുതന്നെയിതാ പോകുന്നു.
നിലനിന്ന ഒരിറ്റു മണ്ണു ഇറുക്കാതെ
തന്നിൽ കായ്ച്ച ഫലങ്ങളെടുക്കാതെ
എല്ലാം വിട്ട് ക്ഷണപ്രഭയിൽ
അനാഥനായി അവനിതാ മണ്ണോടടുകുന്നു.

രഹന പി. എ.

# കാക്കയും കിളിയും

പണ്ട് ഒരു കാട്ടിൽ കാക്കയും കിളിയും ഉണ്ടായിരുന്നു. അവർ നല്ല കൂട്ടുക്കാർ ആയിരുന്നു. ഒരു ദിവസം ഭക്ഷണം തേടി രണ്ടു പേരും പോയപ്പോൾ കാക്കയ്ക്ക് മണ്ണ്ക്കട്ടയും കിളിക്ക് സ്വർണ്ണക്കട്ടയും കിട്ടി. അതുകൊണ്ട് കാക്കയും കിളിയും വീട് നിർമ്മിച്ചു. ഒരു ദിവസം കാറ്റും മഴയും വന്നപ്പോൾ കാക്കയുടെ മണ്ണ് കൊണ്ടുള്ള വീട് ഒലിച്ചുപോയി. കാക്കയ്ക്ക് കിടക്കാൻ വീട് ഇല്ലാതെയായി. അങ്ങനെ കാക്ക തന്റെ സുഹൃത്തായ കിളിയുടെ വീടിലേക്ക് പോയി. കാക്ക ഒരു പാട് തവണ കിളിയുടെ വീടിന്റെ വാതിലിൽ മുട്ടി. പക്ഷേ ഒരു പാട് കാരണങ്ങൾ പറഞ്ഞ് കിളി വാതിൽ തുറന്നില്ല. അങ്ങനെഅവസാനം കിളി കാക്കയുടെ സഹതാപം കേട്ട് വാതിൽ തുറന്നു. കാക്ക തന്റെ വീട് നഷ്ടപ്പെട്ടതിന്റെ കഥ കിളിയോട് പറഞ്ഞു. കിളി തന്റെ വീടിന്റെ ഒരു ഭാഗത്ത് കാക്കയ്ക്ക താമസിക്കാൻ ഇടം കൊടുത്തു. കിളി തന്റെ കുഞ്ഞിനെ കാക്കയുടെ കൈയ്യിൽ നോക്കാൻ ഏല്പിച്ച് പുറത്തുപോയി. ഈ തക്കം നോക്കി കിളി മുകളിൽ കൊട്ടയിൽ വെച്ച അപ്പം മുഴുവനും കാക്ക കഴിച്ചു. അവിടെ നിന്ന് പറന്നുപോയി. കിളി തിരിച്ച് വന്നപ്പോൾ തന്റെ അപ്പം ഒന്നും കൊട്ടയിൽ കാണാൻ ഇല്ലായിരുന്നു. കിളിക്ക് കാക്കയോട് ദേഷ്യവും, വെറുപ്പുമായി. സുഹൃത്തുക്കളായ കാക്കയും കിളിയും ഈ സംഭവത്തോടെ തെറ്റിപിരിഞ്ഞു. അതിനുശേഷം ഇവർ തമ്മിൽ കണ്ടുമുട്ടിയില്ല. കിളിയും അവരുടെ കുഞ്ഞും കാക്കപോയതോടെ സന്തോഷത്തോടെ ജീവിച്ചു.

സാഹല എൻ. ജെ.

# നൊമ്പരപ്പൂവ്

ഏകാന്തമായ വഴിതാരയിൽ
ഏകയായ് ഞാൻ നടന്നകന്നു
ഒരു നേർത്ത പുഷ്പമായ് നീ
എൻ മനസ്സിൽ നിറഞ്ഞു നിന്നു
ഇണങ്ങിയും പിണങ്ങിയും
ഒരു നേർത്ത സ്വപ്നമായ് നീ വന്നു
വിരഹമായ് നീ എന്നിൽ നിന്ന് അകലുമോ?
കാത്തിരിക്കുന്നു ഞാൻ നിൻ സാന്നിദ്ധ്യം
എൻ പ്രിയ തോഴി.
നീ ഒരു നേർത്ത പുഷ്പമായ് വരുമോ?
നീ വേർപ്പാട് എന്നിൽ വിരഹമായ്
തോഴീ നിൻ ഓർമ്മകൾ റോസാമുള്ളുകളായ്
എൻ മനസ്സിൽ കുത്തി നോവിച്ചു.
ഒരു കണ്ണീർ കനലായ് വരുമോ നീ!
ഈ ജന്മം നിനക്കായ് ഞാൻ
എന്നു കാതോർതിരിക്കാം
എൻ പ്രിയ കൂട്ടുക്കാരി

അമൃത എം. എസ്.

## പ്രകൃതി

പ്രകൃതിയേ നിന്റെയാ പൗർ-

ണമിയേകുന്ന പുഞ്ചിരിതൂകുന്ന മുഖമെവിടെ?

കുളിർകാറ്റിലാടുന്ന പച്ച മരങ്ങളും

കുതിച്ചൊഴുകുന്നൊരാ അരുവികളും

ഞാനിന്നുകൊതിക്കുന്ന നീയെവിടെ?

രാക്ഷസൻമാരുടെ തീവ്രത്തിലൊ-

രുനാളിൽ നീയെന്ന വെളിച്ചം മാഞ്ഞുകന്നു

പച്ചവിരിച്ച പാടങ്ങളില്ലാപ്പോൾ

സൗന്ദര്യമേകുന്ന നിൻമുഖവും

ഫ്ലാറ്റുകൾ കെട്ടിടം വ്യവസായ ശാലകൾ

എന്തൊരു ദുർഖതി അണിതെന്നോ...

റിസ്വാന തസ്നിം കെ. എം.

# എന്റെ വായന

നമ്മുടെ ജീവിതത്തിൽ ഏറ്റവും കൂടുതൽ ആവശ്യമുള്ളവയിൽ ഒന്നാണ് പുസ്തകം. ആ പുസ്തകത്തിൽ നിന്നാണ് നാം ആദ്യമായി അറിവ് പഠിച്ചത്. ആ അറിവ് നമ്മുടെ പലഘട്ടങ്ങളിലും നമ്മെ സഹയിച്ചിട്ടുണ്ട്. ജൂണിനാണ് നമ്മൾ വായനാദിനമായി ആചരിക്കുന്നത്. അതിന്റെ ഭാഗമായി നമ്മുടെ സ്കൂളില് നിന്ന് നമ്മുക്ക് പുസ്തകം ക്ലാസ്സുളിൽ വിതരണം ചെയ്യാറുണ്ട്. നമ്മൾ വായനാദിനത്തിന്റെ ക്ലാസുകളും നടത്തുന്നു. ക്ലാസുകൾ കൂടുംതോറും വിദ്യഭ്യാസവും അറിവും വർധിക്കും. ആദ്യം നമ്മൾ പഠിക്കുന്നത് നെഴ്സറിയിൽ നിന്നാണ് അവിടെ നിന്നാണ് ഒരോ അക്ഷരം പഠിക്കുന്നത്. എന്നാൽ കഴിഞ്ഞ് നമ്മൾ വലിയ ക്ലാസുകളിൽ പോവും അവിടെ പഠിച്ചധിനേക്കാൾ കൂടുതൽ അറിവ് അറിയാൻ നമ്മൾക്ക് സാധിക്കും. എന്നാൽ വായന എന്നുള്ളത് വെറും ഒരു അറിവ് അല്ല അത് നമ്മളെ വലിയ അർത്ഥതലത്തോക്ക് എത്തിക്കും. മടിയൻ മലചുമക്കും എന്നതാണ് വായിക്കാത്തവന്റെ അവസ്ഥ പക്ഷെ വായിക്കുന്നവന്റെ അവസ്ഥ വളരെ അധികം അറിവ് ലഭിക്കും. ഇതിനേക്കെ ഒരാൾക്കാണ് നമ്മൾ ബഹുമാനികോണ്ട ഒരാളാണ് നമ്മുടെ രക്ഷിതാക്കൾ. നമ്മൾ നന്നായി പഠിച്ച്, എഴുതി, വായനക്കും ഒക്കെ നല്ലമാർക്ക് വാങ്ങി നമ്മളുടെ പേര് പ്രസിദ്ധമാവണം. ഇതിന് നമ്മളെ പഠിപ്പിച്ച ടീച്ചർന്മാർ, മാഷ് എന്നിവരാണ്. അറിവിന്റെ ലോകം കഴിഞ്ഞാൽ പിന്നെ മറ്റുള്ളവർക്ക് പറഞ്ഞ് കൊടുക്കുക. ഇതോടെ നമ്മുടെ ലോഖനം അവസാനിച്ചു...

നയ്ജിയ

# ബുദ്ധിയുടെ വില

പണ്ട് പൂന്നൂർ ഗ്രാമത്തിൽ ആരാതി എന്ന പേരുള്ള ഒരു സുന്ദരികുട്ടിയുണ്ടായിരുന്നു. അവരുടെ കുടുംബം ദാരിദ്ര്യവും കഷ്ടപ്പാടും ചേർന്നതാണ്. ഒരു ദിവസം അവരുടെ വീടിന്റെ അടുത്തുള്ള അമ്പലത്തിലെ വേലയായിരുന്നു. ആരാതിയും അമ്മയും കൂടി വേലകാണാൻ വന്നു. കച്ചവടത്തിനായി വെച്ചിരിക്കുന്ന കുപ്പി വളകൾ, മാലകളെല്ലാം അവളെ ആകർഷിച്ചു. പക്ഷേ അതുവാങ്ങനുള്ള പണം അവളുടെ കൈയ്യിലുണ്ടായിരുന്നില്ല. അപ്പോഴാണ് അവളുടെ ശ്രദ്ധയിൽ ആ കാഴ്ച്ചപ്പെട്ടത് ബുദ്ധിയിൽ പ്രവർത്തിച്ചാൽ അമ്പതു രൂപ... അവൾ അവിടേക്ക് ചെന്നു. അഞ്ച് കുട്ടികളെ നിരത്തി നിർത്തി. അതിൽ ഒന്ന് ആരാതിയായിരുന്നു അയാൾ അവർക്ക് ഒരു വെള്ള പേപ്പർ കൊടുത്തു. എന്നിട്ട് പറഞ്ഞ് ഇത് നിങ്ങൾ ഇവിടെ നിന്ന് എന്റെ അടുക്കലേക്ക് എറിയണം എന്റെ അടുത്തെത്തിയാൽ നിങ്ങൾ ജയിക്കും. ഒരോരുത്തരും മത്സരം ചെയ്യാൻ തുടങ്ങി എല്ലാവരും പേപ്പർ ചുരുട്ടികൂട്ടിയാണ് എറിഞ്ഞത്. പക്ഷേ അത് അയാളുടെ കൈയിൽ എത്തിയില്ല. എന്നാൽ ആരാതി ആ പേപ്പർ കൊണ്ട് ഒരു കിളിയെ ഉണ്ടാക്കി പറത്തി വിട്ടു. അത് അയാളുടെ കൈയ്യിലെത്തി. ആരാതി വിജയിച്ചു. ആരാതിക്ക് അയാൾ അൻമ്പത്ത് രൂപ കൊടുത്തു. ആരാതിക്ക് സന്തോഷമായി. അൻമ്പത്ത് രൂപ കൊണ്ട് അവർവളയും മാലയും പിന്നെ അവളുടെ ഉണ്ണിക്ക് ഒരു ചെറിയ പമ്പരവും വാങ്ങി. ബാക്കിയുള്ള രൂപ അവളുടെ കുടുക്കയിൽ നിക്ഷേപിച്ചു. അന്ന് അവൾക്ക് വലിയ സന്തോഷമായിരുന്നു. ആരാതി പിന്നെയൊരു മിടുക്കി കുട്ടിയായി

നവ്യ എം. എസ്.

## മായുന്ന മൗനം

അകലുവാൻ വേണ്ടി അടുത്തതോ നമ്മൾ
മറക്കുവാൻ വേണ്ടി ചിരിച്ചോ പരസ്പരം
മിഴികളിൽ നമ്മൾ മൊഴിഞ്ഞു കരുണമാം
പ്രണയത്തിനാരംഭ മുഗ്ദമാം രാവുകൾ

കണ്ണുനീർ പൊഴിയും നിൻ ഈറൻ മിഴികളിൽ
മൗനമായ് ഞാനിന്നു കനലുപോൽ ഉരുകുന്നു
ഇന്നെൻ മനസ്സിൽ നീ അറിയാതെ വിരിയുന്ന
പ്രണയത്തിനലകളായ് ആർത്തലച്ചു.

മറവിയെൻ മനസ്സിനെ കയറിൽ കുരുക്കിയാൽ
മായില്ല നിന്നെ കുറിച്ചുള്ള ഓർമ്മകൾ
മൗനമായ് നിൻ ചുണ്ടിൽ നാദം തുളുമ്പിയാൽ
മരണം തലോടും എന്റെ മറവിതൻ സാഗരം...

മഞ്ജൂഷ കെ. ജെ.

## പൂക്കളും പൂമ്പാറ്റയും

ഒരു വലിയ മരത്തിൽ കുറെ പൂക്കൾ വിരിഞ്ഞു. ഒരു പൂമ്പാറ്റ അതുകണ്ട് അങ്ങോട്ടു പറന്നു. വീട്ടിലെ പ്ലാസ്റ്റിക് പൂക്കൾ അതുകണ്ട് പറഞ്ഞു മണ്ടൻ! ഞങ്ങളെ നോക്കു എത്ര നിറങ്ങൾ! എന്തു ഭംഗി! നിറമില്ലാത്ത മുല്ലപ്പൂക്കളിലേക്കു പോകുന്ന നീ മണ്ടൻ തന്നെ.

അപ്പോൾ പൂമ്പാറ്റ പറഞ്ഞു!


പ്ലാസ്റ്റിക് പൂക്കളേ, മുല്ലപ്പൂക്കളെക്കുറിച്ച് നിങ്ങൾക്കെന്തറിയാം?നിറമില്ലെന്നേയുള്ളൂ. പക്ഷെ അവയ്ക്ക് മണമുണ്ട്. അതിൽ തേനുമുണ്ട്. പുറത്തെ ഭംഗിയേക്കാൾ നല്ലത് ഉള്ളിലെ നന്മ തന്നെ പൂമ്പാറ്റ പറഞ്ഞതുകേട്ട് പ്ലാസ്റ്റിക് പൂക്കൾ നാണിച്ചു നിന്നു.

അബിൻ എസ്. കുറ്റിക്കാട്ട്

# വരയുടെ വിസ്മയം










വായിക്കൂ വളരൂ...



# നന്ദി

ആധുനികതയുടെ മാറ്റങ്ങൾ ഉൾക്കൊണ്ട് പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ 'ലിറ്റിൽ കൈറ്റ്സ്' ക്ലബ്ബിലെ അംഗങ്ങൾ ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കി. ഇതിന് നേതൃത്വം നൽകിയ ഷീബ ടീച്ചർക്കും സുഗതകുമാരി ടീച്ചർക്കും എസ്. ഐ. റ്റി. സി. മെഹർ ടീച്ചർക്കും സർവോപരി എല്ലാ പിന്തുണയും നൽകിയ ഹെഡ് മിസ്ട്രസ് മാഗി ടീച്ചർക്കും ഒരായിരം നന്ദി...

എഡിറ്റർ